പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 110 — 12.3.2015 ലെ മറുപടിയ്ക്ക്

അദ്ധ്യാപക ബാങ്ക് സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.സി.രവീന്ദ്രനാഥ്<br>,,കെ.കുഞ്ഞമ്മത് മാസ്റ്റർ<br>,, ജെയിംസ് മാത്യു<br>,, എ.എം.ആരിഫ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) | അധ്യാപകപാക്കേജിന്റെ ഭാഗമായി നടപ്പാക്കിയ അധ്യാപകബാങ്ക് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;അധ്യാപക ബാങ്ക് അസാധുവാക്കി കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അധ്യാപകപാക്കേജിന്റെ ഭാഗമായി അധ്യാപക ബാങ്ക് രൂപീകരിച്ചുകൊണ്ട് 23.12.2014 ൽ സ.ഉ(പി) നം. 278/14/പൊവിവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 15.1.2015 ലെ 30107/13 എന്ന ഹൈക്കോടതി വിധിപ്രകാരം പാക്കേജ് ഉത്തരവുകളും അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾക്ക് അനുകൂലമായി വിധി ഉണ്ടാകാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (ബി) | കോടതി വിധി ആയതിനാൽ ഇക്കാര്യത്തിൽ മറുപടി നൽകാൻ നിർവ്വാഹമില്ല. |
| (സി) | കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെ ജോലി നഷ്ടപ്പെടുന്ന അധ്യാപകരുടെ ഭാവി സംബന്ധിച്ച് നിലപാട് വിശദമാക്കാമോ; | (ഡി) | നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെയുള്ള അധ്യാപകരുടെ ഭാവി കോടതിവിധിയ്ക്ക് അനുസൃതമായിരിക്കും |
| (ഇ) | അധ്യാപകബാങ്ക് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അധ്യാപകസംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ? | (ഇ) | അധ്യാപകബാങ്ക് സംബന്ധിച്ച അവസാന ഉത്തരവ് ജി.ഒ(പി)278/14/പൊവിവ തീയതി 23.12.2014 ആണ്. പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. അധ്യാപകസംഘടനകളുമായി ചർച്ച ചെയ്തിട്ടില്ല. |

സെക്ഷൻഓഫീസർ